# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5483

24.05.2017-ൽ മറുപടിക്ക്

## എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

| | ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | 06/2014 നോട്ടിഫിക്കേഷൻ പ്രകാരമുള്ള എൽ.ഡി.വി. ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; | (എ) | കാറ്റഗറി നമ്പർ 16/2014 ആയി വിജ്ഞാപനം പുറപ്പെടുവിച്ച വിവിധ വകുപ്പുകളിലേക്കുള്ള ഡ്രൈവർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പാലക്കാട്, വയനാട്, കാസറഗോഡ് എന്നീ ജില്ലകളിലേയ്ക്ക് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷ ക്ഷണിച്ച 12 ജില്ലകളിൽ ശേഷിക്കുന്ന 9 ജില്ലകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോഴുള്ള നോട്ടിഫിക്കേഷനിൽ പറഞ്ഞിരുന്ന യോഗ്യതകളിൽ എന്തെങ്കിലും ഇളവ് വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) | ഡ്രൈവർ തസ്തികയുടെ വിജ്ഞാപന പ്രകാരമുള്ള യോഗ്യത താഴെ പറയും പ്രകാരമായിരുന്നു നിശ്ചയിച്ചിരുന്നത്.<br>1) A pass in Standard VII/III |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | | Forum.<br>2) Must possess valid Driving Licence of three years standing to drive Light Motor Vehicle with Driver's Badge.<br>3) Proficiency in Driving Light Motor Vehicles which is to be proved in a practical Test conducted by KPSC during the course of selection. Only those who pass 'H' Test are eligible for Road Test.<br><br>ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുന്നതിന് അനുവദിച്ചുകൊണ്ടുള്ള ഡ്രൈവേഴ്സ് ബാഡ്ജ് മൂന്ന് വർഷം കൂടുമ്പോൾ പുതുക്കേണ്ടതിനാൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയിൽ ബാഡ്ജിന് മൂന്നുവർഷ സാധുത ഉണ്ടായിരിക്കണമെന്ന് കമ്മീഷൻ കാലാകാലങ്ങളിൽ നിഷ്കർഷിച്ചിരുന്നു. പ്രസ്തുത തീരുമാനം ചോദ്യം ചെയ്തുകൊണ്ട് ഉദ്യോഗാർത്ഥികൾ ഫയൽ ചെയ്ത അന്യായത്തിന്മേലുള്ള ബഹുമാനപ്പെട്ട കോടതി വിധിയിൽ ബാഡ്ജിന് മൂന്ന് വർഷ കാലാവധി നിശ്ചയിച്ച നടപടി |

| | | | |
|---|---|---|---|
| | | | തെറ്റാണെന്ന് ഉത്തരവാകുകയും ചെയ്തു. പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിനുമുമ്പ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് നിയമന ശിപാർശ ആരംഭിച്ച പാലക്കാട്, വയനാട്, കാസറഗോഡ് ജില്ലകളൊഴികെയുള്ള ജില്ലകളിൽ ബാഡ്ജിന് മൂന്ന് വർഷ സാധുത ഇല്ലെന്ന കാരണത്താൽ ഒഴിവാക്കപ്പെട്ടവരെ ഉൾപ്പെടുത്തി വീണ്ടും പ്രായോഗിക പരീക്ഷ നടത്താൻ കമ്മീഷൻ ഉത്തരവാകുകയും തുടർ നടപടികൾ കൈക്കൊണ്ടുവരികയുമാണ്. കോട്ടയം, ഇടുക്കി, കണ്ണൂർ ജില്ലകളിലെ ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ അന്യായങ്ങൾ ഫയൽ ചെയ്തിട്ടുള്ളതിനാൽ, അതിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ പ്രസ്തുത മൂന്ന് ജില്ലകളിലെ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുവാൻ കഴിയുകയുള്ളൂ. |

Santhoshkumar

**സെക്ഷൻ ഓഫീസർ**